# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**രായമംഗലം പഞ്ചായത്ത്**
**വാർഡ് - 6**
**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**
**റിപ്പോർട്ട് തയ്യാറാക്കിയത് :**

**വി .ആർ. പി. പ്രിയങ്ക പ്രകാശൻ**
**വി. ആർ. പി. അശ്വതി എം. എസ്**
**സോഷ്യൽ ഓഡിറ്റ് യുണിറ്റ്**
**തിരുവനന്തപുരം**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005ൽ വിജ്ഞാപനം ചെയ്തു എങ്കിലും 2005 ലെ പാർലമെന്റ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം,2006 ഫെബ്രുവരി രണ്ടിന് രാജ്യത്തെ തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008 നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലെയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ തൊഴിൽ ദിനങ്ങൾ ആവശ്യ അധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതിനോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉൽപ്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം

നിയമ ഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. 100% നഗര ജനസംഖ്യയുള്ള ജില്ലകളോഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതക്ക് അനുപൂരകമായി എല്ലാ സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിൽ ഉൾക്കൊള്ളേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരുകൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ പതിനേഴാം വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെപറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ(BDO) പഞ്ചായത്ത് സെക്രട്ടറി, മറ്റു നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടി ആലോചനയിൽ ഉരുത്തിരിഞ്ഞത് അനുസരിച്ച് തുടർ പ്രക്രിയയിൽ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു

കഴിഞ്ഞ ആറ് മാസത്തിൽ ചെയ്ത പ്രവർത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ്, എന്നിവ പരിശോധിക്കൽ

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ഇടങ്ങൾ പരിശോധിക്കുകയും ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു.

ഗുണഭോക്താക്കൾളോട് പ്രകൃതിയുടെ ഗുണഫലങ്ങൾ ചർച്ചചെയ്തു, തൊഴിൽകാർഡ് എടുത്തിട്ടുള്ള വരെയും സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു.

വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, എന്നിവരെ അഭിമുഖങ്ങൾക്കും, ചർച്ചകൾക്കും, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും, വിധേയമാക്കി.

ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും, അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ.

**<u>അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ</u>**

- തൊഴിൽ കാർഡിന് വേണ്ടിയുള്ള ഫോട്ടോകൾ തൊഴിലാളികൾ സ്വന്തം ചിലവിലാണ് നൽകുന്നത്.
- ഫയൽ വെരിഫിക്കേഷനിൽ എന്നാണ് ഡിമാൻഡ് നൽകിയത്, എന്ന് മുതൽ എന്ന് വരെ വേണം എന്നുള്ള വിവരങ്ങൾ ഫോമിൽ എഴുതാത്തതിനാൽ ഡിമാൻഡ് നൽകി 15 ദിവസതിനകം ആണോ പ്രവർത്തിനൽകിയത് എന്ന കാര്യത്തിൽ വ്യക്തതയില്ല.
- ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.
- തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5km ചുറ്റളവിനുള്ളിലാണ് തൊഴിൽ ചെയ്യുന്നത്.
- തൊഴിലിടങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം ,തണൽ സൗകര്യം എന്നിവയുണ്ട്
- ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
- തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.
- തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും , തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
- തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

വാർഡ് ആറിലെ 8 ഫയലുകൾ പരിശോധിച്ചതിന് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ

1. തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണം റീച്ച്1
2. തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ
3. തല പുഞ്ച നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം
4. തല പുഞ്ച നീർ തടത്തിലെ മണ്ണ് ജലസംരക്ഷണം
5. പ്രളയക്കെടുതി നേരിട്ട് തോടുകളും കാനകളും പുനരുദ്ധാരണം റീച്ച് 1
6. തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ
7. തല പുഞ്ച നീർത്തടത്തിൽ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം പ്രവർത്തികൾ റീച്ച് 3
8. തല പുഞ്ച നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം

## ഫയൽ പരിശോധന.

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ പ്രവർത്തിക്കും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്. ഓരോ ഫയലിലും 22 രേഖകൾ ഉണ്ടായിരിക്കണം. ഈ 22 രേഖകൾ പരിശോധിച്ചതിൽ നിന്നും ലഭിച്ച വിവരങ്ങൾ.

### കവർ പേജ്:

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു പ്രവർത്തി ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച ചെയ്ത 8 ഫയലുകളിൽ എല്ലാ ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

### ചെക്ക് ലിസ്റ്റ്:

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്.

- പരിശോധിച്ച 8 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.
- എല്ലാ ഫയലുകളുടേയും ചെക്ക് ലിസ്റ്റിൽ പേജ് നമ്പറുകൾ രേഖപ്പെടുത്തിയിരുന്നില്ല.

**ആക്ഷൻപ്ലാൻ കോപ്പി:**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും അതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന വിവരം ഫയലിൽ വരേണ്ടതാണ്.

▪എന്നാൽ പരിശോധിച്ച് 8 ഫയലുകളിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ്:**

ഒരു പ്രവർത്തി എങ്ങനെ,എത്ര അളവിൽ ചെയ്യണം എന്ന് സങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്.

- പരിശോധിച്ച് എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.
- പരിശോധിച്ച് 8 ഫയലും ജനകീയ ഭാഷയിൽ ഉള്ളത് ആയിരുന്നില്ല.
- എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.
- എസ്റ്റിമേറ്റ്നൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡ്ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ എസ്റ്റിമേറ്റ് കവർപേജ് എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉണ്ടായിരുന്നു എന്നാൽ ഡ്രോയിങ് ആൻഡ് ഡിസൈൻ ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

**സാങ്കേതിക അനുമതി:**

ഒരു പ്രവർത്തിക്ക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി.

- പരിശോധിച്ച 8 ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നുഫയലുകളിൽ സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
- സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ ഫയലിലും ഉണ്ടായിരുന്നില്ല.
- സാങ്കേതിക അനുമതി ലഭിച്ച തീയതിയും സാങ്കേതിക അനുമതി നമ്പറും രേഖപ്പെടുത്തിയിരുന്നു.

**ഭരണാനുമതി:**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

- 8ഫയലുകളിലും സെക്യൂറിൽ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നു എന്നാൽ ഒരു ഫയലിലും തീയതി രേഖപ്പെടുത്തിയിരുന്നില്ല.

**സംയോജിത പദ്ധതി :**

പരിശോധിച്ച 8 ഫയലുകളും സംയോജിത പ്രവർത്തിയല്ല.

**തൊഴിലിനുള്ള അപേക്ഷ:**

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്.

- പരിശോധിച്ച 8 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.
- ഡിമാന്റുകളിൽ അപേക്ഷ നൽകിയ തിയതി എന്ന് മുതൽ എന്ന് വരെ ഏത് പ്രവർത്തി എന്ന വിവരങ്ങൾ കൃത്യമായി രേഖപെടുത്താത്തതിനാൽ 15 ദിവസത്തിനകം തൊഴിൽ അനുവദിച്ചോ എന്ന് വ്യക്തമല്ല.

**<u>പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം</u>:**

പ്രവർത്തി തൊഴിലാളികൾക്ക് നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

- പരിശോധിച്ച 8 ഫയലുകളിലും പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള ഫോം ഉണ്ടായിരുന്നു
- പ്രവർത്തി എന്ന് തുടങ്ങുമെന്നും അവസാനിക്കുമെന്നും കൃത്യമായ രേഖപ്പെടുത്തിയിരുന്നു.

**<u>മസ്റ്റർ റോൾ:</u>**

- തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ.പരിശോധിച്ച 8 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ,അവരുടെ തൊഴിൽ ദിനങ്ങൾ,കൂലി, ഉപകരണ വാടക എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- മസ്റ്റർ റോളിൽ മേറ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളിലെ മസ്റ്റർ റോളുകളിൽ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ ഒപ്പും,സീലും രേഖപെടുത്തിയിട്ടുണ്ടെകിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല . മേറ്റിന്റെ ഒപ്പ് കാണാൻ സാധിച്ചു.

- മെഷർമെന്റ് ബുക്കിന്റെ  നമ്പർ എല്ലാ മസ്റ്റർ റോളിലും ഉണ്ടായിരുന്നു.

പ്രളയക്കെടുതി നേരിട്ട് തോടുകളും കാനകളുടെയും പുനരുദ്ധാരണം എന്ന് ഫയലിലെ മസ്റ്റർ റോളിൽ കുറെ തൊഴിലാളികളുടെ ഒപ്പ് ഉണ്ടായിരുന്നില്ല.

**<u>മെഷർമെന്റ് ബുക്ക്:</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിൽ മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു

- മെഷർമെന്റ് ബുക്ക് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡണ്ട് സർട്ടിഫൈ ചെയ്യേണ്ടതാണ് പരിശോധിച്ച എല്ലാ ഫയലുകളിലെയും മെഷർമെന്റ് ബുക്ക് സെർട്ടിഫൈ ചെയ്തിട്ടുണ്ട്.
- പ്രളയക്കെടുതി നേരിട്ട് തോടുകളും കാനകളും പുനരുദ്ധാരണം എന്ന പ്രവർത്തിയിൽ രണ്ട് മെഷർമെന്റ് ബുക്ക് ഉണ്ടായിരുന്നു
- എല്ലാ വർക്കിലും  പ്രീ മെഷർമെന്റ്, തിയതി എന്നിവ രേഖപെടുത്തിയിട്ടുണ്ട്. ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമോ ഉണ്ടായിരുന്നോള്ളൂ.എന്നാൽ തീയതി രേഖപ്പെടുത്തിയിരുന്നില്ല .തീയതി രേഖപ്പെടുത്തിയാൽ മാത്രമേ ആര് എപ്പോൾ അളവുകൾ രേഖപ്പെടുത്തിയെന്നും ,ആര്, എപ്പോൾ അത് ക്രോസ്സ് ചെക്ക് ചെയ്തു എന്നും മനസിലാക്കാൻ സാധിക്കുകയുള്ളു.കാലതാമസം സംബന്ധിച്ച ആക്ഷേപം ഉണ്ടായാൽ തീയതി അത്യാവശ്യമാണ്.

**<u>മെറ്റീരിയൽ ബിൽ വൗച്ചർ :</u>**

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ മെറ്റീരിയൽ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തികൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ബില്ല് വൗച്ചർ എന്നിവ ഇല്ല.

**<u>വേജ് ലിസ്റ്റ്:</u>**

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച

കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്.

- പരിശോധിച്ച ഫയലുകളിൽ 8 ഫയലുകളിലും വേജ്ലിസ്റ്റ് ഉണ്ടായിരുന്നു. \
- വേജ്ലിസ്റ്റുകൾ മസ്റ്റർ റോളിന് അനുപാതികമായിരുന്നു.

**<u>ഫണ്ട് ട്രാൻസ്ഫർ ഓർഡർ:</u>**

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ.പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

- പരിശോധിച്ച എല്ലാ ഫയലിലും എഫ് ടി ഒ ഉണ്ടായിരുന്നില്ല.

**<u>പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം</u>**

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

- എല്ലാം ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു .

**<u>മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്</u>**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ്

- എല്ലാ ഫയലിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട്.

**<u>ഫോട്ടോഗ്രാഫ്:</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ,പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

- പരിശോധിച്ച 8 ഫയലുകളിലും ഫോട്ടോകൾ ഉണ്ടായിരുന്നില്ല.

**റോയൽറ്റി**

പരിശോധിച്ച 8 ഫയലുകളിൽ 7 ഫയലിൽ പ്രവർത്തി നടന്ന സ്ഥലങ്ങളുടെ കരം അടച്ച രസീതുകൾ  സൂക്ഷിച്ചിരുന്നു.

**ജിയോ ടാഗ്ഗ് ഫോട്ടോസ്**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

**സൈറ്റ് ഡയറി**

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള  ആധികാരിക രേഖയാണ് സൈറ്റ് ഡയറി.

- പരിശോധിച്ച എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു
- സൈറ്റ് ഡയറികളിൽ  ചെക്ക് ലിസ്റ്റ് ,മിനിറ്റീസ്, തൊഴിലാളികളുടെ  സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ  കൃത്യമായി  എഴുതി സൂക്ഷിച്ചിട്ടുണ്ട് .  ഇത് അഭിനന്ദാർഹമാണ്.

## രജിസ്റ്റർ

**തൊഴിൽ കാർഡ് രജിസ്റ്റർ**

- തൊഴിൽ കാർഡ് രജിസ്റ്റർ പാർട്ട് A, B, C, D എന്നിങ്ങനെയാണ് സൂക്ഷിച്ചിരിക്കുന്നത്. തൊഴിൽ കാർഡ് രജിസ്റ്ററിൽ  പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ ഒപ്പ്, മുദ്ര എന്നിവ കാണാൻ സാധിച്ചു.

- പാർട്ട് A യിൽ ഒന്നുമുതൽ ഇരുപത് വരെയുള്ള വാർഡിലെ തൊഴിലുറപ്പ് അംഗങ്ങളുടെ വിവരങ്ങളാണ് ആണ് രജിസ്റ്ററിൽ രേഖപെടുത്തിയിരുന്നത്.ആകെ5872അംഗങ്ങളുടെ പേര് വിവരങ്ങൾ  ഉണ്ടായിരുന്നു. 2018 മാർച്ച് വരെയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പാർട്ട് എ  യിലെ കോളം 10, 11(ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് ) അപൂർണമായിരുന്നു.

- പാർട്ട് B യിൽ വർക്കേഴ്ട് ന്റെ പേര്, വിലാസം, തൊഴിൽ കാർഡ് നമ്പർ, ഫോട്ടോ, രജിസ്റ്റർ ചെയ്ത ഡേറ്റ്, അക്കൗണ്ട് നമ്പർ ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു

- 200 പേരുടെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.

- പാർട്ട് സി യിൽ തൊഴിലാളി വിവരങ്ങൾ, തൊഴിൽ കാർഡ് നമ്പർ, തൊഴിൽ കാർഡ് ഇഷ്യൂ ഡേറ്റ് ഉണ്ടായിരുന്നു.ആകെ 186 അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് പൂർണമല്ല.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.
- പാർട്ട്ഡയിൽ ആകെ 14149 പേരുടെ വിവരങ്ങൾ ഉണ്ടായിരുന്നു. എല്ലാ കോളങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ എല്ലാ വാർഡുകളിലെയും വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.
- അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ സീലും സൈനും ഉണ്ടായിരുന്നു
- 2019 -20 ഈ വർഷത്തെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

**തൊഴിൽ ആവശ്യപ്പെടുന്നതും അനുവദിക്കുന്നത് സംബന്ധിച്ച രജിസ്റ്റർ**

- 2019-20വരെയുള്ള തൊഴിൽ ആവശ്യപ്പെട്ടതും അനുവദിച്ചിരിക്കുന്നതുമായ ഡീറ്റെയിൽസ് ആണ് കാണാൻ കഴിഞ്ഞത്.
- ഡിമാൻഡ് ചെയ്ത തിയതിയും വർക്ക് അനുവദിച്ച തിയതിയും ഓരോ തൊഴിലാളിയുടെയും പേരിനു നേരെ രേഖപ്പെടുത്തിയിരുന്നു.
- തൊഴിലാളികൾ എത്ര ദിവസം മുതൽ എത്ര ദിവസം വരെ തൊഴിൽ ചെയ്തു എന്ന ഡീറ്റെയിൽസ്, വേതനം കൊടുത്ത ഡേറ്റ്, തുക രേഖപ്പെടുത്തിയിരുന്നു.
- എന്നാൽ 2017 2018 കാലയളവിൽ ആർക്കുംതന്നെ തൊഴിലില്ലായ്മ വേതനം കൊടുത്തതിന്റേയോ വേതനം വൈകിയതിന് നഷ്ടപരിഹാരം കൊടുത്തതിന്റെയോ കണക്കു വിവരങ്ങൾ എഴുതിയിരുന്നില്ല.
- ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ 2 എണ്ണമുണ്ടായിരുന്നു.രണ്ട് രജിസ്റ്ററും പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.

**ഗ്രാമസഭാ രജിസ്റ്റർ**

- ഗ്രാമസഭ രജിസ്റ്ററിൽ എല്ലാ വാർഡിന്റെയും ഒരുമിച്ചാണ് സൂക്ഷിച്ചിരിക്കുന്നത്.

- ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള തൊഴിലാളി ഗ്രാമസഭ 24/10/2016 ൽ കൂടിയിട്ടുണ്ട്.376 പേർ പങ്കെടുത്തു. അന്ന് തന്നെ JBDO യുടെ ക്ലാസ്സ് ഉണ്ടായിരുന്നു.

- 12/12/17 ൽ 522 പേർ പങ്കെടുത്ത മീറ്റിംഗിന്റെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.അതിനു ശേഷം 30/11/2018 ൽ ഗ്രാമസഭ കൂടിയതിൽ 721 പേർ പങ്കെടുത്തു.

- എല്ലാ ഗ്രാമ സഭ യോഗത്തിന്റെയും മിനുട്സ് കാണുവാൻ സാധിച്ചു.

- 2019-20ലെ ഷെൽഫ് ഓഫ് വർക്കിലേക്കു 767 വർക്ക് നീക്കിവെച്ചിരിക്കുന്നതിൽ 488 വർക്ക് അംഗീകരിച്ചിട്ടുണ്ട്.

- 2019-20 സാമ്പത്തിക വർഷത്തിലെ 115980 മാൻ ഡേയ്സ്, 52384300 രൂപയുടെ ലേബർ ബഡ്ജറ്റ് ഗ്രാമ സഭ പാസ്സാക്കിയിട്ടുണ്ട്.

**വർക്ക് രജിസ്റ്റർ**

- IF/236098- കയ്യാല നിർമാണം, 1608004005/IF/326293-വാർഡ് 8 മരോട്ടിക്കടവ് നീർത്തടത്തിൽ ഉൾപ്പെടുന്ന തരിശുഭൂമി കൃഷിക്കനുയോജ്യമാക്കൽറീച് 2, 1608004005/IF/326221 തല പുഞ്ച നീർത്തടത്തിൽ ഉള്ള തരിശുഭൂമി കൃഷിക്കനുയോജ്യം ആക്കൽ റീച്ച് 1, 1608004014/IF/326328 വളയൻചിറങ്ങര നീർത്തടത്തിൽ ഉൾപ്പെടുന്ന തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ, വാർഡ് 7 കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ റീച് 1 എന്നീ പ്രവൃത്തികളുടെ ഡീറ്റെയിൽസ് കാണാൻ സാധിച്ചു.

- 2019-20 വർഷത്തെ മസ്റ്റർ റോൾ നമ്പർ, വേജ് ലിസ്റ്റ് നമ്പർ, എമൗണ്ട് തുടങ്ങി എല്ലാ വിവരങ്ങളും നല്ലരീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്

- വേജ് ലിസ്റ്റ് നമ്പർ, മസ്റ്റർ റോൾ നമ്പർ, പേഴ്സൺ ഡേയ്സ്, വേതനം കൊടുത്ത ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു

- സെമി സ്കിൽഡ് തൊഴിലാളികൾ ചെയ്ത ചില പ്രവൃത്തിയിൽ ഡ്യൂ amt കാണിച്ചിരുന്നു

- പഞ്ചായത്ത് സെക്രട്ടറി സൈൻ, സീൽ വെച്ച് സർട്ടിഫൈ ചെയ്തിരുന്നു.

**ഫിക്സഡ് അസറ്റ് രജിസ്റ്റർ**

- 2019-20 കാലയളവിലെ 3 രജിസ്റ്ററുകൾ കാണാൻ സാധിച്ചു.
- 2019-20 ലെ വർക്കുകളുടെ വിവരങ്ങൾ കാണാൻ സാധിച്ചു.
- ഫിക്സഡ് അസറ്റ് രജിസ്റ്റർ പാർട്ട് എ, പാർട്ട് ബി ആയി തിരിച്ചിരുന്നു. പാർട്ട് എ യിൽ അസറ്റ് ഡീറ്റെയിൽസ് ഉം പാർട്ട് ബി യിൽ വർക്ക് ഡീറ്റെയിൽസ് ഉം രേഖപ്പെടുത്തിയിരുന്നു.
- ഓരോ വർക്കും MGNREGS A.E ധന്യ സൈൻ ചെയ്തിരുന്നു.
- ഒരു വർക്കിനും അസറ്റ് ഐഡി രേഖപ്പെടുത്തിയിരുന്നില്ല.
- WC, LD, RS, FR, IC, IF, DW എന്നീ ക്ലാസ് ഓഫ് അസറ്റ് ലുള്ള പ്രവർത്തികൾ ആണ് ചെയ്തിരുന്നത്.
- ഞ്ചായത്ത് സെക്രട്ടറി വെരിഫൈ ചെയ്തിരുന്നില്ല

**പരാതി രജിസ്റ്റർ**

- പരാതി രജിസ്റ്റർ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായിരുന്നു.
- കൂവപ്പടി ജോയിന്റ് ബി.ഡി.ഒ വെരിഫൈ ചെയ്തിരുന്നു.
- പരാതി രജിസ്റ്ററിൽ പരാതികളൊന്നും കാണാൻ കഴിഞ്ഞില്ല.

**മെറ്റീരിയൽ രജിസ്റ്റർ**

- 2019-20 കാലയളവിലെ മെറ്റീരിയൽ രജിസ്റ്റർ ആണ് പരിശോദിച്ചത്.
- വാർഡ് 5 ൽ നടന്ന 10 മെറ്റീരിയൽ വർക്കിന്റെ പ്രവർത്തികളു
- ടെ മെറ്റീരിയൽ ഡീറ്റെയിൽസ് രജിസ്റ്ററിൽ കാണാൻ കഴിഞ്ഞു .
- വൗച്ചർ ബിൽ no., ബിൽ ഡേറ്റ്, മെറ്റീരിയൽ ക്വാണ്ടിറ്റി ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു.
- ടെക്നിക്കൽ അസിസ്റ്റന്റ് സിഗ്നേച്ചർ രേഖപ്പെടുത്തിയിരുന്നില്ല.
- ജോയിന്റ് ബി.ഡി.ഒ വെരിഫൈ ചെയ്തിരുന്നു.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.

## വാർഡ് 6 ലെ തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണ | 1608004005/ WC/339436 | 24/01/19 | 14/2/2019 | 100000 | 94096 |

- എ പി എൽ വിഭാഗത്തിലുള്ള കുടുംബത്തിൽ ആണ് പ്രവർത്തി നടത്തിയത്.
- മെഷർമെന്റ് ബുക്കിൽ പറഞ്ഞിരിക്കുന്ന അളവിലുള്ള കുഴികൾ കാണാൻ കഴിഞ്ഞില്ല.
- ശക്തമായ മഴയിൽ മണ്ണിടിഞ്ഞ് കുഴികൾ മൂടിയിരുന്നു. അഴുക്കുവെള്ളം പോകുന്നതിനു വേണ്ടി വഴി ഉണ്ടാക്കുന്നതിനെ ഭാഗമായി കുറേ കുഴികൾ മൂടി പോയതായി കാണപ്പെട്ടു.
- ചില മഴകുഴികൾ ഉപയോഗപ്രദമായി കാണപ്പെട്ടു.
- കമ്പനിയിലെ അഴുക്കുവെള്ളം പോകുന്നതിനു വേണ്ടി ബണ്ട് എന്ന പ്രവർത്തി വീട്ടുകാർ വീണ്ടും ചെയ്തതായി കാണപ്പെട്ടു.
- CIB ബോർഡ് വെച്ചിട്ടില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം- അളവ് | മെഷർ മെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വത്സ ജോസ് | മഴക്കുഴി | 280.80m2<br>NO-360<br>L-1.2m<br>B-1.00m<br>D-.650m | 280.80 m2<br>No-360<br>L-1.2m<br>B-1.00m<br>D-.650m | 52.8m2<br>No-220<br>L-1.20m<br>B-1.00m<br>D-.20 | മഴക്കുഴി എന്ന പ്രവർത്തി പരിശോധനയിൽ മഴക്കുഴി കൃത്യമായി രേഖപ്പെടുത്താൻ കഴിഞ്ഞില്ല. ശക്തമായ മഴയിൽ കുഴികൾ മണ്ണ് നിറഞ്ഞു മുടി പോയിരുന്നു. കമ്പനിയിലെ വേസ്റ്റ് വെള്ളം പോകുന്നതിനു വേണ്ടി വഴിയുണ്ടാകുന്നത്തിന്റെ ഭാഗമായി കുറേ കുഴികൾ മൂടിപ്പോയി. |
| 2 | | ബണ്ട് | No-45<br>L-15m<br>B-.60m<br>D-.27m | No-45<br>L-15m<br>B-.60m<br>D-.27m | No-23<br>L-15m<br>B-.60m<br>D-.27m | തൊഴിലാളികൾ ചെയ്ത ബണ്ട് എന്ന പ്രവർത്തി വീട്ടുകാർ വീണ്ടും ചെയ്തിരുന്നു |

## തല പുഞ്ച നീർത്തടത്തിൽ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തി റീച്ച് 3

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തടത്തിൽ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച്ച് 3 | 1608004005/ WC/345326 | 2/3/19 | 18/3/19 | 100000 | 94944 |

- എപിഎൽ കുടുംബങ്ങളിൽ ചെയ്ത പ്രവർത്തിയായിരുന്നു.
- ഉടമസ്ഥർ കുഴികൾ മൂടിയതായിസാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
- എം.ബുക്ക് പ്രകാരം 360ക്കുഴികളാണ് ഉള്ളത് എന്നാൽ 16 കുഴികൾ മാത്രം കാണാൻ സാധിച്ചത്, കാട്ടിടിച്ചതിനാലും,മൂടിപോയതിനാലുംകുഴികളുടെഎണ്ണംവ്യക്തമല്ല.
- സി ഐ ബി ബോർഡ് വെച്ചിട്ട് ഉണ്ടായിരുന്നില്ല

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം - അളവ് | മെഷർമെന്റ് പ്രകാരം -അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | ജിജോ ജെയിംസ്<br><br>പൗലോസ് | മഴക്കുഴി<br><br>മഴക്കുഴി | 259.20 m2<br>No-360<br>L-1.2m<br>B-1.00m<br>D-.600m<br><br>L-1.2m<br>B-1.00m<br>D-.600m | 259.20m2<br>No-360<br>L-1.2m<br>B-1.00m<br>D-.60m<br><br>L-1.2m<br>B-1.00m<br>D-.600m | Nil<br><br>11.52m2<br>No-16<br>L-1.2m<br>B-1.00m<br>D-.600m | സ്ഥലം നിറയെ കാടുപിടിച്ചുകിടക്കുന്ന അവസ്ഥയിലായിരുന്നു അതിനാൽ മഴക്കുഴി എന്ന പ്രവർത്തി അളന്നു തിട്ടപെടുത്താൻ സാധിക്കാത്തവയായിരുന്നു.<br><br>16ക്കുഴികൾഅളന്നു എടുക്കാൻ സാധിച്ചു. ബാക്കി സ്ഥലം കാടു കേറിയതും, മൂടിയതുമായ കുഴികൾ അളന്നു തിട്ടപ്പെടുതൽ സാധ്യമല്ല. |

## തല പുഞ്ച നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 1608004005/<br>WC/303992 | 15/11/19 | 23/11/19 | 970000 | 91070 |

- ഉടമസ്ഥർ മഴക്കുഴികൾ കുഴിക്കുന്നതിനോടൊപ്പം അവരുടെ ആവശ്യങ്ങൾക്കായി കുഴികൾ മൂടുന്നതിനാൽ അളവുകൾ കൃത്യമായി എടുക്കാൻ കഴിയുന്നില്ല.
- ഉടമസ്ഥർ മഴക്കുഴികളിൽ വാഴ നട്ടിരിക്കുന്നതായി കാണപെട്ടു .
- സി ഐ ബി ബോർഡ് വെച്ചിട്ടില്ല.
- എ പി എൽ കുടുംബങ്ങളിൽ ചെയ്ത പ്രവർത്തികളായിരുന്നു

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം-അളവ് | മെഷർമെന്റ് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജോസഫ് എം വി | മഴക്കുഴി<br><br>കുഴി | 374.401m2<br>L-1.2m<br>B-1.00m<br>D-.650m<br><br>8.00m2<br>No-80<br>L-.500m<br>B-.500m<br>D-.400m | 374.401m2<br>L-1.2m<br>B1.00m<br>D-.650m<br><br>No-80<br>L-.500m<br>B-.500m<br>D-.400m | Nil | മഴക്കുഴി എന്ന പ്രവർത്തി കാണാൻ കഴിഞ്ഞില്ല.<br><br>കുഴികൾ എന്ന പ്രവർത്തി കാണാൻ സാധിച്ചില്ല. കുഴികൾ എല്ലാം വാഴ നട്ടിരിക്കുന്നു |
| 2 | സാറാ കുട്ടി ജോർജ് | മഴക്കുഴി | L-1.2m<br>B-1.00m<br>D-.650m | L-1.2m<br>B-1.00m<br>D-.650m | No-3<br>L-1.3m<br>B-1.00m<br>D-.30m | കുഴികളിൽ വേസ്റ്റ് ഇട്ടിരുന്നു, കുറേ കുഴികൾ മഴകാരണം മൂടി പോയിരുന്നു അതിനാൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കൃത്യമായി മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല മഴക്കുഴി എന്ന പ്രവർത്തി ഉപയോഗശൂന്യമായി പോയി |
| 3 | രാജമ്മ മണി | മഴക്കുഴി | L-1.2m<br>B-1.00m<br>D-.650m | L-1.2m<br>B-1.00m<br>D-.650m | Nil | മഴക്കുഴി എന്ന പ്രവർത്തി അവിടെ ചെയ്തിരുന്നു എന്നാൽ സ്വന്തം ആവശ്യത്തിനു വീട് വയ്ക്കുന്നതിന് വേണ്ടി ഉപയോഗിച്ചെന്നാണ് കാണാൻ കഴിഞ്ഞത്. |

**വാർഡ് ആറിലെ തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണപ്രവൃത്തി റീച്ച് 1**

- ഉടമസ്ഥൻ വീട്ടിൽ ഉണ്ടാകാതിരുന്നതിനാൽ മേറ്റ് പ്രവർത്തി നടന്നുവെന്ന് സാക്ഷ്യപ്പെടുത്തി.
- സി ഐ ബി ബോർഡ് ഉണ്ടായിരുന്നില്ല
- ഉടമസ്ഥൻ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി കുഴി കുറെ മൂടി കഴിഞ്ഞു എന്ന് അറിയാൻ കഴിഞ്ഞു

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം പ്രവർത്തി | 1608004005/ WC/305366 | 24/01/19 | 11/02/19 | 100000 | 94944 |
| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
| 1 | മേരി ഇട്ടിര | മഴക്കുഴി | 187.2m2<br>No-240<br>L-1.2m<br>B-1.00m<br>D-.650 | 187.2m2<br>No-240<br>L-1.2m<br>B-1.00m<br>D-.650m | Nil | നിറയെ വെള്ളം കയറിയതിനാൽകുഴികൾ എല്ലാം മൂടിപോയിരുന്നു. അതിനാൽ മഴക്കുഴി എന്ന പ്രവർത്തി കാണാൻ കഴിഞ്ഞില്ല |
| | | വാ | No- | No-1 | -Nil | കാടുപിടിച്ച് അതിനാൽ വാരം എന്ന പ്രവർത്തി അളന്നു തിട്ടപ്പെടുത്താൻ |

| | | | | | | |
|---|---|---|---|---|---|---|
| | | രം | 1<br>L-30m<br>B-26m<br>No-1<br>L-24m<br>B-18m | L-30m<br>B-26m<br>No-1<br>L-24m<br>B-18m | Nil | സാധിക്കില്ലായിരുന്നു. |
| 2 | മത്തായി | വാരം | Same as above | Same as above | No-2 | വാരം എന്ന പ്രവർത്തിയിൽ രണ്ടു വാരം കാണാൻ സാധിച്ചു. എന്നാൽ കാടുപിടിച്ചുകിടക്കുന്ന കൃത്യമായി അളവെടുക്കാൻ സാധിച്ചില്ല. |

## തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണം

.

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം | 1608004005/<br>WC/305366 | 15/11/18 | 21/12//18 | 960000 | 84180 |

- തൊഴിലാളികൾക്ക് വൃത്തിയായി ചെയ്തതെന്ന് വീട്ടുടമ സാക്ഷ്യപ്പെടുത്തി.

- എം ബുക്കിൽ പറഞ്ഞിരിക്കുന്ന അളവിനേക്കാൾ വലിയ ഒരു വേസ്റ്റ് കുഴി കാണാൻ കഴിഞ്ഞു
- എപിഎൽ കുടുംബങ്ങളിൽ ചെയ്ത പ്രവർത്തി ആയിരുന്നു.
- സി ഐ ബി ബോർഡ് കാണാൻ കഴിഞ്ഞില്ല.
- ഉടമസ്ഥ സ്വന്തം ആവശ്യത്തിനായി കുഴികളിൽ വാഴ നട്ടിരിക്കുന്നത് കാണപ്പെട്ടു

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ പ്രകാരം- അളവ് | മെഷർ മെന്റ് ബുക്ക് പ്രകാരം ഉള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആനി ബേബി | മഴക്കുഴി | No-340m2<br>L-1.2m<br>B-1.00m<br>D-.650m | No-340m2<br>L-1.2m<br>B-1.00m<br>D-.650m | Nil | കുഴികൾ എല്ലാം മൂടി പോയിരുന്നു അതിനാൽ മഴക്കുഴി എന്ന പ്രവർത്തി കാണാൻ സാധിച്ചില്ല. |
| | | വേസ്റ്റ് കുഴി | No-1<br>L-1.5m<br>B-1.00m<br>C-.75m | No-1<br>1.5m<br>1.00m<br>.75m | NO-1 | വളരെ വലിയ രീതിയിലാണ് കുഴി കണ്ടത് വെള്ളമൊലിച്ച്ചാടുന്നതിനാൽ അതിന്റെ ആകൃതിയിൽ വ്യത്യാസം കാണപ്പെട്ടു |

| | | | | | | |
|---|---|---|---|---|---|---|
| | | ബണ്ട് | L-10m<br>B-.65m<br>D-.50m | L-10m<br>B-.65m<br>D-.50m | No-2 | വാരം എന്ന പ്രവർത്തിയിൽ രണ്ടു വാരം കാണാൻ സാധിച്ചു. എന്നാൽ കാടുപിടിച്ചുകിടക്കുന്ന കൃത്യമായി മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല. |
| 2 | സി. വി കുഞ്ഞപ്പൻ | മഴക്കുഴി | Same as above | Same as above | | മഴക്കുഴി എന്ന പ്രവർത്തിയിൽ വാഴ നട്ടിരിക്കുന്നതായി കാണപ്പെട്ടു. |
| | | ബണ്ട് | L-10m<br>B-.65m<br>D-.5m | L-10m<br>B-.65m<br>D-.50m | | കാടുപിടിച്ചുകിടക്കുന്ന കൃത്യമായി മെഷർമെന്റ് എടുക്കാൻ സാധചില്ല. |

**തല പുഞ്ച നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 1608004005/WC/303989 | 25/10/2018 | 31/10/2018 | 81000 | 76111 |

- കാടുപിടിച്ചു കിടക്കുന്നതിനാൽ മൊത്തം കുഴികളുടെയും അളവെടുക്കൽ സാധ്യമല്ലായിരുന്നു.
- ഷിജുവിന്റെ പറമ്പിൽ ചെയ്ത പ്രവർത്തി ഉപയോഗശൂന്യമായി കാണപ്പെട്ടു.
- മെഷർമെന്റ് ബുക്കിൽ പറഞ്ഞ് അളവിനേക്കാൾ വലിയ മഴകുഴികൾ കാണപ്പെട്ടു.
- സി ഐ ബി ബോർഡ് കാണാൻ കഴിഞ്ഞില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | മെഷർ മെന്റ് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഷിജു | മഴക്കുഴി | No-400<br>L-1.2m<br>B-1.00m<br>D-.650m | No-400<br>L-1.2m<br>B-1.00m<br>D-.650m | Nil | മഴക്കുഴി എന്ന പ്രവർത്തി കാണാൻ സാധിച്ചില്ല ഉടമസ്ഥരുടെ ചോദിച്ചതിനാൽ കുഴിയിൽ എല്ലാം വാഴനട്ടു എന്ന അറിയാൻ സാധിച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| | | വേസ്റ്റ് കുഴി | No-1<br>L-1.5m<br>B-1.00m<br>C-.70m | No-1<br>L-1.5m<br>B-1.00m<br>C-.70m | Nil | വേസ്റ്റ്ക്കുഴി എന്ന പ്രവർത്തി കാണാൻ കഴിഞ്ഞില്ല. |
| | ചെറിയാൻ | മഴക്കുഴി | Same as above | Same as above | No-150<br>L-1.5m<br>B-1.m<br>D-.35m | നിറയെ കാടുപിടിച്ചുകിടക്കുന്ന അവസ്ഥയിലായിരുന്നു. അതിനാൽ മഴക്കുഴി എന്ന പ്രവർത്തി മൊത്തം അളവും എടുക്കാൻ കഴിഞ്ഞില്ല. |

## തല പുഞ്ച നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | തലപുഞ്ച നീർത്തത്തിൽ മണ്ണ്ജല സംരക്ഷണം. | 1608004005/<br>WC/346578 | 2/3/2019 | 24/3//19 | 146000 | 142399 |

- തന്നിരിക്കുന്ന അളവിലും വലിയ കുഴികൾ കാണാൻ സാധിച്ചു.

- കെട്ടിടം പണിയുന്നതിന്റെ ഭാഗമായി കുഴികൾ മൂടി പോയിരുന്നു.
- എ പി എൽ കുടുംബത്തിൽ ചെയ്ത പ്രവൃത്തിയായിരുന്നു.
- സി ഐ ബി ബോർഡ് വച്ചിട്ടില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | മെഷർ മെന്റ് ബുക്ക് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 1 | സിസിലി | മഴക്കുഴി | No-650<br>L-1.5m<br>B-1.00m<br>D-.60m | No-650<br>L-1.5m<br>B-1.00m<br>D-.60m | No-200<br>L-1.7m<br>B-1.5m<br>D-.60m | തന്നിരുന്ന അളവിലും വലിയ കുഴികൾ കാണാൻ സാധിച്ചു.കെട്ടിടം പണിയുന്നതിനാൾ മരം മുറിച്ചു മാറ്റി.അവിടെ ഉള്ള കുഴികൾ മൂടി പോയി. |

പ്രളയക്കെടുതി നേരിട്ട് തോടുകളും കാനകളും പുനരുദ്ധാരണം റീച്ച്-1

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
| --- | --- | --- | --- | --- | --- | --- |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം | 1608004005/<br><br>WC/307793 | 5/12/2018 | 4/1/19 | 300000 | 291896 |

- കാടുപിടിച്ചു കിടക്കുന്നതിനാലും നടപ്പാത ഇല്ലാത്തതിനാലും തോടുകളും കാനകളും പൂർണമായി അളവ് എടുക്കൽ സാധ്യമല്ലായിരുന്നു.
- സമീപവാസികളുടെ സംസാരിച്ചതിൽ നിന്ന് പ്രവർത്തി നല്ല രീതിയിൽ നടന്നു എന്ന് മനസ്സിലായി.
- പ്രവർത്തി കഴിഞ്ഞ് മാസങ്ങൾ ഏറെ കഴിഞ്ഞതിനാൽ പരിശോധന സമയത്ത് കാട് വളർന്നിരുന്നു.
- ആ തൊഴിൽ നടന്നപ്പോൾ അപകടം റിപ്പോർട്ട് ചെയ്തില്ല.
- പ്രവർത്തിയുടെ വേതനം കിട്ടാൻ കാലതാമസം ഉണ്ടായിരുന്നു.
- പ്രവർത്തിയുടെ സമയത്ത് തൊഴിലാളികൾക്ക് കൈയുറ, കാലുറ എന്നിവ ഉണ്ടായിരുന്നില്ല. ആശാവർക്കർ പ്രതിരോധ ഗുളികകൾ കൊടുത്തിരുന്നു.
- സി ഐ ബോർഡ് കാണാൻ കഴിഞ്ഞില്ല.

| നമ്പർ | വർക്ക് നെയിം | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | മെഷർമെന്റ് പ്രകാരം ഉള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പലഞ്ഞിക്കര | ചെളി കോര | L-950 | L-950 | L-69m | എസ്റ്റിമേറ്റ്പ്രകാരമുള്ളമെഷർമെന്റ്എടുക്കാൻകഴിഞ്ഞില്ല.കാടുകേറികിടക്കുന്നതിനാലുംനടപ്പാത ഇല്ലാത്തതിനാലും |

| | | | | | | |
|---|---|---|---|---|---|---|
| | തോട് | ൽ | m<br>B-1.2m | m<br>B-1.2m | B-1.2m | അളവ്എടുക്കാൻപറ്റിയ അവസ്ഥയിലായിരുന്നില്ല. |
| 2 | എരപ്പ് തോട് | ചെളി കോരൽ | L-950m<br>B-2.20m | L-950m<br>B-2.20m | L-307m<br>B-2.20m | നടപ്പാതഇല്ലാത്തതും കാടുപിടിച്ചു കിടക്കുന്നതിനാൽ പൂർണമായി അളക്കാൻ സാധിച്ചില്ല. |
| 3 | ഷാപ്പും പടി sluice | ചെളി കോരൽ | L-1020m<br>B-.60m | L-1020m<br>B-.60m | L-531m<br>B-.60m | നടപ്പാത ഇല്ലാത്തതിനാൾ അളവെടുക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്കാണപ്പെട്ടത്. |
| 4 | പുളിഞ്ചിക്കമാലി തോട് | ചെളി കോരൽ | L-1050m<br>B-.80m | L-1050m<br>B-.80m | L-321m<br>B-.500m | കാടുകയറികിടക്കുന്നഅവസ്ഥയായിരുന്നു. പൂർണമായി അളക്കാൻ സാധിച്ചില്ല. |
| 5 | ആളൊത്തുമാലി തോട് | ചെളി കോരൽ | L-1000m<br>B-1.00 | L-1000m<br>B-1.00m | L-159m<br>B-1.00m | കാട് പിടിച്ചിരിക്കുന്നു നടപ്പാത ഇല്ലാത്തതിനാൽ പൂർണമായി അളക്കാൻ സാധിച്ചില്ല. |

## പൊതു നിരീക്ഷണങ്ങൾ

- ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.
- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികളിൽ ധാരണ ഇല്ലായിരുന്നു.
- തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിന് ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
- ഒരു ഫയലിൽ രേഖകൾ സൂക്ഷിക്കുന്നതിൽ ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.
- മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, മഴക്കുഴി നിർമ്മാണം എന്നിവ എം ബുക്കിൽ രേഖപ്പെടുത്തുമ്പോൾ ഓരോ വ്യക്തിയുടെയും വേതി
- ഒരു ദിവസത്തെ ആണെങ്കിൽ പോലും ആയുധ വാടക ലഭിക്കുന്നുണ്ട്.
- ഡിമാൻഡ് റെസിപ്പ്ട് നേരത്തെ കിട്ടാറുണ്ടെന്നും എന്നാൽ ഇപ്പോൾ കിട്ടാറില്ല എന്നും അറിയാൻ കഴിഞ്ഞു.
- വാർഡ് 6 ൽ പരിശോധന നടത്തിയ ഫീൽഡിൽ CIB ബോർഡ് കാണുവാൻ കഴിഞ്ഞില്ല. സി ഐ ബി ബോർഡിന് ടെൻഡർ വിളിച്ചിട്ടില്ല എന്നാണ് പഞ്ചായത്തിൽ നിന്ന് അറിയാൻ കഴിഞ്ഞത്.
- കൂടുതൽ തൊഴിലാളികളും ബാങ്ക് പാസ്സ് ബുക്ക് പതിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില തൊഴിലാളികളുടെ ബാങ്ക് പാസ്സ്ബുക്കിൽ പതിപ്പിച്ചിട്ടില്ലായിരുന്നു.
- 100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അവർ പറഞ്ഞു.
- തൊഴിൽ കാർഡ് എടുക്കുന്നതിനും മറ്റു രേഖകൾ കൊടുക്കുന്നതിനും വേണ്ടി ഫോട്ടോസ്റ്റാറ്റ് എടുക്കുന്നത് സ്വന്തം കൈയിൽ നിന്നും തൊഴിലാളികളിൽ നിന്ന് പിരിച്ചു പൈസ എടുക്കുന്നത്.
- സമയക്രമം 9 മുതൽ 4 വരെ ആക്കണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു

- അത്യാവശ്യ കാര്യങ്ങൾക്ക് വേണ്ടി വീട്ടിൽ പോകാൻ അനുമതി തരണമെന്ന് തൊഴിലാളികൾ അഭ്യർത്ഥിച്ചു ( പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി, ചെറിയ കുട്ടികളെ സ്കൂളിൽ നിന്നും കൊണ്ടുവരാൻ)
- തൊഴിലുറപ്പ് പദ്ധതിയിലെ വേതനം സമയബന്ധിതമായി ലഭിക്കണം, വേദന ലഭിക്കുന്നതിനുള്ള കാലതാമസം തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നു.
- കൂലി 300 രൂപ എങ്കിലും ആകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തനവിരസത കാണുന്നുണ്ട്. അയൽക്കൂട്ട ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടെത്തണമെന്നും അവയുടെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്.

## നന്ദി

രായമംഗലം ഗ്രാമപഞ്ചായത്തിലെ 2018 -19 സാമ്പത്തിക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കുവാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## ഗ്രാമസഭാ മിനിറ്റ്സ്

കൂവപ്പടി ബ്ലോക്കിലെ രായമംഗലം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 24/11/2019. 2.30നെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. വാർഡ് മെമ്പർ,പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, MGNREGS എ. ഇ, കുടുംബശ്രീ ADS,CDS, തൊഴിലാളികൾ എന്നിവർ ഉൾപ്പെടെ 65പേർ ഗ്രാമസഭയിൽ പങ്കെടുത്തു. തൊഴിലാളികളിൽ നിന്നും അധ്യക്ഷയായി മോളിയെ തെരഞ്ഞെടുത്തു വാർഡ് മെമ്പർ ലതിക സുധൻ സ്വാഗതമാശംസിച്ചു. പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജ്യോതിഷ് കുമാർ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ഉദ്ഘാടനം ചെയ്തു. എന്താണ്

തൊഴിലുറപ്പ് എന്നും തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്നും ഉദ്ഘാടനപ്രസംഗത്തിൽ ഉൾക്കൊള്ളിച്ചു. തുടർന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺ അഖിൽ വി ജെ സംസാരിച്ചു. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും സോഷ്യൽ ഓഡിറ്റ് എന്താണെന്നും എങ്ങനെയാണ് തയ്യാറാക്കുന്നത് സോഷ്യൽ ഓഡിറ്റ് വിവിധഘട്ടങ്ങൾ എന്നിവ വിശദമായി സംസാരിച്ചു. തുടർന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺ പ്രിയങ്ക പ്രകാശൻ റിപ്പോർട്ട് അവതരിപ്പിച്ചു. പരിശോധിച്ച് 8 ഫയലുകളുടെ വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു പ്രവർത്തി ഫയലിൽ കാണേണ്ട 22 രേഖകൾ എന്താണ് ഏതൊക്കെ എന്തെല്ലാം എന്നും അവയിൽ പരിശോധിച്ച് ഫയലുകളിൽ കാണാൻ സാധിച്ചു എന്നും, പരിശോധന നടത്തിയതിൽ നിന്ന് ലഭിച്ച വിവരങ്ങളും അവതരിപ്പിച്ചു.

പ്രധാന നിരീക്ഷണങ്ങൾ

1. തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിൽ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

2.ഫയലുകളിൽ ഡോക്യുമെന്ററസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പു ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.

3.ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു.

4.ഗ്രാമസഭകളുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മയും ഉറപ്പു വരുത്തേണ്ടതാണ്.

5.പ്രവർത്തിയിടങ്ങളിൽ തണൽസൗകര്യം, പ്രഥമ ശ്രുശ്രുഷ കിറ്റുകൾ, കുടിവെള്ളം,എന്നിവ ലഭ്യമാണ്.

6.പ്രവർത്തിയിടങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന് ടെൻഡർ വിളിച്ചിട്ടുണ്ടായിരുന്നില്ല, അതിനാൽ സിഐബി ബോർഡ് കാണാൻ സാധിച്ചില്ല.

7.ഡിമാൻഡ് ഫോമുകളിൽ തൊഴിൽ ഏതു തീയതി മുതൽ ഏതു തീയതി വരെ തൊഴിൽ വേണം,അപേക്ഷ കൊടുത്ത തിയതി എന്നിവ എല്ലായിപ്പോഴും രേഖപ്പെടുത്താത്തതിനാൽ കൃത്യമായി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്ന് വ്യക്തമല്ല . തൊഴിലാളികൾ പറഞ്ഞതനുസരിച്ച് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ചിലപ്പോൾ കിട്ടാറുണ്ട് എന്നാണ് വ്യക്തമായത്.

8.വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക്ക് ശേഷമാണ് ആയതിനാൽ തൊഴിലുറപ്പിന് മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

9. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ പരിശോധന കൃത്യമായി നടത്തുന്നുണ്ട്.

10. എപിഎൽ വിഭാഗത്തിൽ പെട്ടവരുടെ സ്ഥലങ്ങളിലാണ് പ്രവർത്തികൾ നടന്നിരിക്കുന്നത്.

തുടർന്നു റിപ്പോർട്ടിന്മേൽ ചർച്ച നടന്നു.

ചർച്ചയിൽ വന്ന പ്രധാന വിഷയങ്ങൾ :

- ഡിമാൻഡ് ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ എല്ലായ്പ്പോഴും ലഭിക്കാറില്ല .100 പണി തികഞ്ഞ തൊഴിലാളികൾക്ക് ബോണസ് കിട്ടിയിട്ടുണ്ട്.
- തൊഴിലാളികൾക്ക് കൂലി സമയബന്ധിതമായി ലഭിക്കാനുള്ള സൗകര്യം വേണമെന്ന് ഗ്രാമസഭയിൽ പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു.
- മാസത്തിൽ ഒരാഴ്ചയിലെ എങ്കിലും കൂലി ലഭിക്കണമെന്ന് ഒരു തൊഴിലാളി പറഞ്ഞു.
- ഉച്ചവരെ പണിതിട്ടുണ്ടെങ്കിൽ പണിതത്തിന്റെ കൂലി നൽകണമെന്ന് ഒരു തൊഴിലാളി പറഞ്ഞു.
- വേതനം കൂട്ടണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. കൂലി 271ൽ നിന്ന് 300 വരെ ആകണം എന്നാണ് തൊഴിലാളികളുടെ നിർദ്ദേശം ഉണ്ടായി.
- തൊഴിൽ സമയം 9 മണി മുതൽ 4 മണി വരെ ആകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.
- കൈയുറ,കാലുറ എന്നിവ ഇപ്പോൾ ഇല്ല നേരത്തെ ഇവയെല്ലാം ഉണ്ടായിരുന്നു. എന്നാൽ ബൂട്ടുകൾ പോലെയുള്ള വസ്തുക്കൾ ഇടുമ്പോൾ ആളുകൾക്ക് കൃത്യമായി പണിയെടുക്കാൻ കഴിയുന്നില്ല, അതനുസരിച്ച് തൊഴിലാളികൾക്ക് പാകമാകുന്ന മോഡൽ കയ്യുറയും കാലുറയും വാങ്ങുകയാണെങ്കിൽ

നല്ലതായിരിക്കും എന്ന് അഭിപ്രായപ്പെട്ടു. പഞ്ചായത്തിൽ സംസാരിച്ച ഒരു തീരുമാനം ഉണ്ടാക്കാം എന്ന് മെമ്പർ പറഞ്ഞു.

- ഒരു കുടുംബത്തിന് 100 പണി എന്നുള്ളത് ഒരു വ്യക്തിക്ക് 100 പണി ആക്കണമെന്ന് തൊഴിലാളികളിൽ ചിലർ അഭിപ്രായപ്പെട്ടു.
- കൂലി ലഭിക്കുന്നതിനുള്ള കാലതാമസം വേഗം പരിഗണിക്കണമെന്ന എല്ലാ തൊഴിലാളികളും അഭിപ്രായപ്പെട്ടു.
- ബിപിഎൽ കുടുംബങ്ങൾക്ക് കുറച്ച് സ്ഥലം മാത്രമേ ഉള്ളൂ അവിടെ പണിയുന്നത് ബുദ്ധിമുട്ടാണ്.
- പഞ്ചായത്തിൽ നിന്നുള്ള ആയുധങ്ങൾക്ക് മൂർച്ച ഇല്ല.
- ജോലി ചെയ്യുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം പഞ്ചായത്തിൽനിന്ന് ലഭിക്കുമോ എന്ന് തൊഴിലാളിയുടെ സംശയത്തിന് എ.ഇ മറുപടി പറഞ്ഞു. അപകടം സംഭവിച്ച് ആദ്യം സർക്കാർ ആശുപത്രിയിൽ പോയിട്ട് മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്താൽ അവിടന്ന് ലഭിക്കുന്ന ബില്ല് സഹിതം പഞ്ചായത്തിൽ തരുകയാണെങ്കിൽ ചിലവ് ലഭിക്കും എന്ന് പറഞ്ഞു.
- ആവർത്തന വിരസത ഉള്ള തൊഴിൽ ഒഴിവാക്കണമെന്ന് എ. ഇ പറഞ്ഞു.
- സ്ത്രീകളാണ് കൂടുതലും തൊഴിലുറപ്പിനു വരുന്നത് അതിനാൽ അത്യാവശ്യകാര്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി ഉച്ചയ്ക്കുള്ള ഇടവേളയിൽ വീട്ടിൽ പോകാൻ അനുമതി തരണമെന്ന് അവർ പറഞ്ഞു എന്നാൽ 1 മണി മുതൽ 2 മണി വരെ വീട്ടിൽ പോകരുത് എന്നാണ് ബിഡോ യിൽ നിന്നും കിട്ടിയ ഉത്തരവെന്ന് എ.ഇ അഭിപ്രായപ്പെട്ടു.

ചർച്ചക്ക് ശേഷം റിപ്പോർട്ട് പാസാക്കുകയും, വി ആർ പി അനുഷ ഷാജി എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ദേശീയ ഗാനത്തോടെ ഗ്രാമസഭ അവസാനിച്ചു.